**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1200** **12-02-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തികൾ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കാമോ? | (എ) | പേരാമ്പ്ര മണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>1. തൊട്ടിൽപ്പാലം തലയാട് റോഡ്-പെരുമുണ്ണാമുഴി മുതൽ ചെമ്പ്ര വരെ-5.5 കി.മീ പ്രവർത്തിക്ക് ULCCS-മായി 21.03.2024-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി 15% പൂർത്തീകരിച്ചിട്ടുണ്ട്. കൾവർട്ട്, ഡ്രൈനേജ്, ഫോർമേഷൻ വർക്കുകൾ നടന്നു വരുന്നു.<br>2. തൊട്ടിൽപ്പാലം തലയാട് റോഡ് മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെയുള്ള പ്രവർത്തിയിൽ പേരാമ്പ്രമണ്ഡലത്തിൽ ഉൾപ്പെടുന്നത് 6.50 കി.മീ ആണ്. പ്രസ്തുത പ്രവർത്തിക്ക് 08.08.2022-ൽ 38.09 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. മുള്ളൻകുന്ന് മുതൽ പെരുവണ്ണാമൂഴി വരെ ഇറിഗേഷൻ ഭൂമിയും Aqueduct crossing-ഉം ഉള്ളതിനാൽ ഇറിഗേഷൻ NOC ലഭ്യമാവേണ്ടതുണ്ട്. ഇറിഗേഷൻ NOC ക്കുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ